**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാസർകോഡ് ജില്ലയിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയിൽ കാസർഗോഡ് ജില്ലയുടെ തെക്കൻ അതിർത്തിയായ രാമന്തളി - പാണ്ഡ്യാലക്കടവ് റോഡ് പാലം പണിയും വലിയപറമ്പ് പഞ്ചായത്തിലെ തീരദേശ റോഡിന്റെ പണിയും എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന കാസർഗോഡ് ജില്ലയിലെ രാമന്തളി പാണ്ഡ്യാലക്കടവ് പാലം (വലിയപറമ്പ പാലം) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി 03.11.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭ്യമാവുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.<br><br>കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മീ. തീരദേശ ഹൈവേയ്ക്ക് സ്ഥലം എറ്റെടുക്കുന്നതിന് 44.68 കോടിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.<br><br>ടി റീച്ചിൽ സ്ഥലം എറ്റെടുക്കുവാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ DPR, IDECK മുഖാന്തിരം തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. DPR കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭിച്ച്, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിൽ ഉള്ള ഈ പ്രവൃത്തികൾ ആരംഭിക്കാൻ എത്ര കാലതാമസം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന കാസർഗോഡ് ജില്ലയിലെ രാമന്തളി പാണ്ഡ്യാലക്കടവ് പാലം (വലിയപറമ്പ പാലം) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 03.11.2022 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭ്യമാവുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.<br><br>കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മീ. തീരദേശ ഹൈവേയ്ക്ക് സ്ഥലം എറ്റെടുക്കുന്നതിന് 44.68 കോടിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.<br><br>ടി റീച്ചിൽ സ്ഥലം എറ്റെടുക്കുവാനുള്ള റവന്യു വകുപ്പിന്റെ ഉത്തരവ് ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ DPR, IDECK മുഖാന്തിരം തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. DPR കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭിച്ച്, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ